ജലവൈദ്യുത പദ്ധതികൾക്കു അനുവാദം

* 138 [142] [ശ്രീ. സി. ടി. കൃഷ്ണൻ :
,, ടി. കെ. അറുമുഖൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കെ. പത്മനാഭൻ :
,, കെ. മൂസ്സക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ കേരളത്തിൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുവാദം ലഭിച്ചത് ;

(സി) കുറിയാർകുട്ടി-കാരപ്പാറ പദ്ധതികളുടെ പണി ഇപ്പോൾ തുടരുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) മാട്ടുപ്പെട്ടി (2 മെഗാവാട്ട്) മലംപുഴ (2.5 മെഗാവാട്ട്) എന്നീ മിനി ജലവൈദ്യുത പദ്ധതികൾക്ക്.

(സി) ഇല്ല.

(ഡി) കേന്ദ്ര പരിസ്ഥിതിവകുപ്പു ഈ പദ്ധതിക്കു അനുവാദം നിഷേധിച്ചതുകൊണ്ടാണ് പണികൾ നിറുത്തിവെച്ചത്.

പൊതുവിതരണ ശൃംഖല

* 139 [143] ശ്രീ. കെ. രാഘവൻ മാസ്റ്റർ :
,, എം. വി. രാഘവൻ :
,, സി. വാസുദേവമേനോൻ :
,, രാഘവൻ പൊഴക്കടവിൽ :
,, എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പൊതുവിതരണം ശക്തിപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ഭക്ഷ്യവിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതെത്രയാണെന്ന്, വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര മണ്ണെണ്ണ, പാംഓയിൽ എന്നിവ കേന്ദ്ര ഗവൺമെൻറ് നിജപ്പെടുത്തിയ വിലകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുള്ള റേഷൻഷോപ്പുകൾ വഴി 47 ലക്ഷത്തോളം കാർഡുടമകൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ മറ്റു നിത്യോപയോഗ സാധനങ്ങളുടെ നിയന്ത്രണ വിലയ്ക്ക് മാവേലിസ്റ്റോറുകൾ സഹകരണ മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്തുവരുന്നു.

(ബി) സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ട പ്രകാരം 1986 ജൂൺ മാസം മുതൽ വർദ്ധിപ്പിച്ച അരിവിഹിതം നൽകുന്നുണ്ട്. സംസ്ഥാനത്തിനാവശ്യമുള്ളതിലധികം ഗോതമ്പ് കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. 1986 ജൂൺ മുതൽ വർദ്ധിച്ചുകിട്ടിയ അരി വിഹിതം താഴെ കൊടുക്കുന്നു.

(സി)	ജൂൺ	1986	1.45	ലക്ഷം ടൺ
	ജൂലായ്	,,	1.50	,,
	ആഗസ്റ്റ്	,,	1.50	,,
	സെപ്റ്റംബർ	,,	1.65	,,
	ഒക്ടോബർ	,,	1.50	,,

കേരള അഗ്രികൾച്ചറൽ മാർക്കറ്റിംഗ് പ്രോജക്ട്

*140 [144] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തിന് കേന്ദ്ര ശുപാർശയ്ക്കായി 280 കോടി ഉറുപ്പികയുടെ "കേരള അഗ്രികൾച്ചറൽ മാർക്കറ്റിംഗ് പ്രോജക്ട്" എന്ന പദ്ധതി സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിന് സമർപ്പിച്ചുവോ ; എങ്കിൽ എന്ന് ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ കേന്ദ്രം ലോകബാങ്ക് സഹായത്തിനായി മുൻഗണന നൽകി സമർപ്പിച്ച പദ്ധതികളിൽ കേരളത്തിന്റെ ഈ പദ്ധതിയില്ലായെന്നറിയുന്നത് ശരിയാണോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. സുന്ദരൻ നാടാർ) :

(എ) 185.882 കോടി രൂപയുടെ പദ്ധതി 1985 മാർച്ചുമാസത്തിൽ കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly